അഭിവന്ദ്യ പിതാവേ,

അതീവ ഗുരുതരവും അടിയന്തരവുമായ ഒരു വിഷയത്തിലേക്ക് അങ്ങയുടെ ശ്രദ്ധ ക്ഷണിക്കാനും യുക്തമായ ഇടപെടലുകളും നടപടികളും ഉണ്ടാകണമെന്ന് വിനയപൂർവ്വം അഭ്യർത്ഥിക്കാനുമാണ് ഈ കത്ത്. ദീപികയിലും സത്യദീപത്തിലുമൊക്കെ അടുത്തകാലത്ത് അച്ചടിച്ചുവന്ന ചില ലേഖനങ്ങളും സി.എം.ഐ, സി.എം.സി സഭകൾ വക പുസ്തകങ്ങളും ചില ലഘുലേഖകളും ലാമിനേറ്റഡ് പ്രചാരണകാർഡുകളുമൊക്കെയാണ് ഈ കത്തിന് ആധാരം. കൃത്യമായി പറഞ്ഞാൽ അവയിലെ അസത്യങ്ങളും അർദ്ധസത്യങ്ങളും. കേരളത്തിലെ ലത്തീൻ സഭയെ തമസ്കരിക്കുകയോ അകാരണമായി പ്രതിക്കൂട്ടിലാക്കുകയോ ചെയ്യുന്നതാണ് ഇവയിലെ ഉള്ളടക്കം.

ഇത് സംബന്ധിച്ച് മൂന്നു കാര്യങ്ങൾ എടുത്തുപറയുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു.

1. അസത്യപ്രചാരണം അതിൽതന്നെ പാപമാകയാൽ അപലപിക്കപ്പെടേണ്ടതാണ്. കേരളത്തിലെ കത്തോലിക്കാസഭയിൽ സ്പർദ്ധയ്ക്കും അനൈക്യത്തിനും വഴിതെളിക്കുമെന്നതിനാൽ ഇത്തരം പ്രവർത്തനങ്ങളും പ്രവണതകളും ആരിൽനിന്ന് ഉണ്ടായാലും തടയേണ്ടതാണ്.

2. ആധികാരിക രേഖകളുടെ പിൻബലത്തോടെ കാര്യകാരണസഹിതം മറുപടി നൽകിയിട്ടും തെറ്റുകൾ തിരുത്താനോ, തിരുത്തിയ ഭിന്നാഭിപ്രായക്കുറിപ്പുകൾ പ്രസിദ്ധീകരിക്കാനോ ബന്ധപ്പെട്ടവർ തയ്യാറാവുകയുണ്ടായില്ല. മാധ്യമധർമ്മത്തിന്റെയും സാമാന്യമര്യാദയുടെയും നഗ്നമായ ലംഘനമാണിതെന്ന കാര്യത്തിൽ ആർക്കും തർക്കമുണ്ടാവില്ലല്ലോ. അപലപനീയമായ ആ ഏകപക്ഷീയത അംഗീകരിക്കാനാവില്ല.

3. നിരന്തരമായ സത്യനിഷേധങ്ങൾക്കും അർദ്ധസത്യപ്രഘോഷണങ്ങൾക്കും പൊതുമാധ്യമങ്ങളിലൂടെ മറുപടി പറയാൻ നിർബന്ധിതരാണെന്ന സ്ഥിതിയിലാണ് ഞങ്ങളിപ്പോൾ. സംയമനത്തിനുമുണ്ടല്ലൊ പരിധിയും പരിമിതികളും. പരാതിയായി ഞങ്ങൾ ഈ കത്തിൽ ഉൾക്കൊള്ളിച്ച കാര്യങ്ങളൊക്കെയും ഉൾക്കൊള്ളുന്ന ഒന്നാണ് 2014 ജനുവരി മൂന്നിന് ദീപികയുടെ ലീഡർ പേജിൽ ഫാ. തോമസ് പന്തപ്ലാക്കൽ സി.എം.ഐ. യുടെതായി വന്ന ലേഖനം. "ഒരു പള്ളിക്ക് ഒരു പള്ളിക്കൂടം സർക്കുലറിന് 150 തികയുന്നു" എന്നാണ് ഇതിന്റെ തലക്കെട്ട്. 'വാഴ്ത്തപ്പെട്ട ചാവറയച്ചന്റെ തിരുനാൾ' ഇന്ന് എന്ന ഉപതലക്കെട്ടും അതിനുണ്ട്.

കേരളത്തിൽ സഭയിലും പൊതുസമൂഹത്തിലും ഉണ്ടായ സകലനന്മകളുടെയും പിതൃത്വം വാഴ്ത്തപ്പെട്ട ചാവറയച്ചനിൽ മാത്രം ആരോപിക്കാനുള്ള ആസൂത്രിതശ്രമം അദ്ദേഹത്തിന്റെ ആത്മീയസന്താനങ്ങൾ എന്ന് അവകാശപ്പെടുന്നവർ പണ്ടേ ആരംഭിച്ചതാണ്. അതിരുവിട്ട അത്യുത്സാഹത്തിൽ ചരിത്ര സത്യങ്ങൾ പലപ്പോഴും ധ്വംസിക്കപ്പെട്ടു. ചാവറയച്ചൻ മാന്നാനത്തുവച്ചു മരണമടഞ്ഞുവെന്ന് സർവ്വവിജ്ഞാനകോശത്തിൽ അബദ്ധചരിത്രം രചിച്ചതും, കേസായതും, കോടതിവിധിയേതുടർന്ന് 'കൂനമ്മാവിൽ' എന്നു തിരുത്തിയതും ഒരു ഉദാഹരണം മാത്രം (ഒലീവ്, പാരിഷ് ബുള്ളെറ്റിൻ, സെന്റ്. ഫിലോമിനാസ് ചർച്ച് കൂനമ്മാവ്, ജാനുവരി 2011, പേജ് 79).

വാഴ്ത്തപെട്ട ചാവറയച്ചൻ തന്നെ എഴുതിവച്ചിട്ടുള്ള കാര്യങ്ങൾക്ക് കടകവിരുദ്ധമായി പ്പോലും അസത്യപ്രചാരണം നടക്കുന്നു എന്നതാണ് കൂടുതൽ വിചിത്രം! ദീപികയിലെ ലേഖനത്തിലും അവ സുലഭം. അക്കാര്യങ്ങൾ ചൂണ്ടിക്കാട്ടി ഞങ്ങൾ ദീപികയ്ക്കു നല്കുകയും, പ്രസിദ്ധീകരിക്കാനുള്ള മാന്യത അവർ കാണിക്കാതിരിക്കുകയും ചെയ്ത കുറിപ്പിന്റെ ഉള്ളടക്കവും ഒപ്പം വളച്ചൊടിക്കപെടുന്ന മറ്റു ചരിത്ര സത്യങ്ങളും ഈ കത്തിനൊപ്പം ചേർക്കുന്നുണ്ട്.

അജപാലനപരവും ഭരണപരവുമായ തിരക്കുകൾക്കിടയിലും അതൊന്നു വായിക്കാൻ അങ്ങ് സമയം കണ്ടെത്തണമെന്ന് എളിമയോടെ ഞങ്ങൾ അപേക്ഷിക്കുന്നു. സത്യം, അതൊന്നു മാത്രമാണല്ലോ പുലരേണ്ടത്. അങ്ങയുടെ ഭാഗത്തുനിന്ന് ഉചിതമായ നടപടികൾ ഉണ്ടാകുമെന്നും മറുപടി പ്രതീക്ഷിച്ചുകൊണ്ടും അങ്ങയുടെ ആശീർവാദം അപേക്ഷിച്ചുകൊണ്ടും

മോൺസി. ജോർജ്ജ് വെളിപ്പറമ്പിൽ
കേരള ലാറ്റിൻ കാത്തലിക് ഹിസ്റ്ററി അസോസിയേഷൻ
(കെ.എൽ.സി.എച്ച്.എ) പ്രസിഡന്റ്

2014 ജനുവരി 3 ന് ദീപികയിൽ പ്രസിദ്ധീകരിക്കപ്പെട്ട ഒരു 'പള്ളിക്ക് ഒരു പള്ളിക്കൂടം സർക്കുലറിന് 150 തികയുന്നു' എന്ന ലേഖനത്തിന് കേരള ലാറ്റിൻ കാത്തലിക് ഹിസ്റ്ററി അസോസിയേഷന്റെ പ്രതികരണം.
കേരളത്തിലുടനീളം പല പ്രകാരത്തിലുള്ള നവോത്ഥാന പ്രവർത്തനങ്ങൾ നടന്ന കാലഘട്ടമാണ് 19-ാം നൂറ്റാണ്ട്. എല്ലാ സമുദായങ്ങളിലും ഇതിന്റെ പ്രതിഫലനങ്ങൾ കാണാം. ഇതിൽ ക്രൈസ്തവ വിഭാഗത്തെയാണ് ലേഖനകർത്താവായ ഫാ. തോമസ്സ് പന്തപ്ലാക്കൽ പരാമർശിച്ചിട്ടുള്ളത്. പോർട്ടുഗീസ് പദ്രോവാദോ കാലഘട്ടത്തിൽ തുടക്കം കുറിച്ച വിദ്യഭ്യാസ പ്രവർത്തനങ്ങൾ സാർവ്വത്രിക സ്വഭാവത്തോടെ മുന്നോട്ട് കൊണ്ടുപോയത് കർമ്മലീത്ത മിഷനറിമാരാണ്. ഇവരുടെയിടയിൽ ഏറ്റവും നിർണ്ണായകമായ നടപടിയെടുത്തത് മഹാ മിഷനറിയായ ബർണർദിൻ ബെച്ചിനെല്ലി ഒ.സി.ഡി(1853-1868) മെത്രാപ്പോലീത്തായാണ്.
കത്തോലിക്ക സഭയിൽ എക്കാലത്തും മെത്രാപ്പോലീത്താമാരും, മെത്രാന്മാരുമാണ് കല്പനകൾ പുറപ്പെടുവിച്ചിട്ടുള്ളത്. ഇക്കാലത്തുപോലും ഒരു വികാരി ജനറലും തന്റെ സ്വന്തം പേരിൽ ഒരു കല്പന പുറപ്പെടുവിച്ചതായി കേട്ടിട്ടില്ല. വസ്തുത ഇതായിരിക്കെ, 150 വർഷം മുമ്പ് ചാവറയച്ചൻ സുറിയാനിക്കാരുടെ വികാരി ജനറൽ എന്ന പദവിയിലിരുന്ന് സ്വന്തമായി ഒരു കല്പന പുറപ്പെടുവിച്ചു എന്നത് ചരിത്രത്തിനു നിരക്കാത്തതാണ്. ബർണർദിൻ ബെച്ചിനെല്ലി മെത്രാപ്പോലീത്തായാണ് "പള്ളികൾ തോറും പള്ളിക്കൂടം" എന്ന വിപ്ലവാത്മകവും ക്രിയാത്മകവുമായ കല്പന 150 വർഷം മുമ്പ് പുറപ്പെടുവിച്ചത്. 'വാഴ്ത്തപ്പെട്ട ചാവറയച്ചൻ പുറപ്പെടുവിച്ചു' എന്ന് സി.എം.ഐ ക്കാർ പ്രചരിപ്പിക്കുന്ന ഈ കല്പനയുടെ യഥാർത്ഥ ഉടമ ആരാണെന്ന് അറിയാൻ ഫാ. ആന്റണി വളവന്ത്ര സി.എം.ഐ. യുടെ "An Epic of Dreams" എന്ന പുസ്തകത്തിന്റെ 54-ാം പേജിൽ കൊടുക്കുന്ന വിവരണം വായിച്ചാൽ മതി.
"When Father prior was staying here, we received the Decree of the Metropolitan ordering that attached to every church, school should be conducted for the education of the boys and even threatening those who would neglect this with ex-communication. According to this Decree we started the construction of the school at Mannanam." (Mannanam Chronicle P. 89). ഇത് ഒരു സി.എം.ഐ അച്ചൻ തന്നെ എഴുതിയതാണെന്ന് ഓർക്കണം.
വരാപ്പുഴ അതിരൂപതാ ആർക്കൈവ്സിൽ സൂക്ഷിച്ചിരിക്കുന്ന, 1865 കൊല്ലം മീനമാസം ബെർണർദീൻ മെത്രാപ്പോലീത്ത പുറവെടുവിച്ച സർക്കുലറിൽ ഓരോ ഇടവകയിലും പള്ളിക്കൂടങ്ങൾ സ്ഥാപിക്കണമെന്ന് നേരത്തെതന്നെ കല്പിച്ചിരുന്നതിനെ ആവർത്തിച്ചുകൊണ്ടും അവയിൽ പഠിപ്പിക്കേണ്ടുന്ന വിധത്തെക്കുറിച്ചും ക്രമങ്ങളെക്കുറിച്ചും വ്യക്തമായി നിർദ്ദേശങ്ങൾ നലകുന്നുണ്ട്.
എഴുന്നൂറ്റിക്കാരും, അഞ്ഞൂറ്റിക്കാരും, തൊപ്പാസുമാരും, സുറിയാനിക്കാരുമായി തന്റെ ഭരണസീമയിൽ വരുന്ന മക്കളിൽ നിന്നും ആദ്യം പറഞ്ഞവരെ ഒഴിവാക്കിക്കൊണ്ട് സുറിയാനി മക്കൾക്കു മാത്രമായി മെത്രാപ്പോലീത്താ കല്പന കൊടുക്കില്ലെന്നും1853 മുതൽ കത്തോലിക്കരായ എല്ലാ വിഭാഗക്കാരുടെയും വിദ്യഭ്യാസത്തിനു വേണ്ടിയാണ് ബർണർദീൻ മെത്രാപ്പോലീത്ത കല്പനകൾ പുറപ്പെടുവിച്ചതെന്നുംകൂടെ മനസ്സിലാക്കേണ്ടതുണ്ട്.

ബർണ്ണദോസ് തോമ പട്ടക്കാരൻ സി.എം.ഐ 1908 -ൽ മന്നാനത്ത് വിശുദ്ധ യൗസേപ്പിതാവിന്റെ അച്ചുകൂടത്തിൽ നിന്നും പ്രസിദ്ധീകരിച്ച 'മലയാളത്തിലെ കൽദായ സുറിയാനി റീത്തിൽ ചേർന്ന ക.നി.മൂ.സ. യുടെ ചരിത്ര സംക്ഷേപത്തിൽ (പേജ് 246) ഈ വസ്തുത കാണാം. "മെത്രാപ്പോലീത്താച്ചൻ ചെയ്ത പ്രധാന കാര്യങ്ങൾ, സ്കൂളുകൾ എല്ലാ കരകളിലും ഇടവകകളിലും സ്ഥാപിക്കുന്നതിനും അതുകളിൽ വേദോപദേശപഠനം ശരിയായി നടത്തുന്നതിനും വേണ്ട നടപടികളൊക്കെ ഏർപ്പെടുത്തിയതും ആണ് ...1856-ാം കാലം മുതൽ നമ്മുടെ അച്ചന്മാരിൽ ചാണ്ടിയച്ചൻ, കുരിയാക്കോസ് എലീശാച്ചൻ, കാപ്പിൽ മത്തായി മറിയം അച്ചൻ, കാനാട്ട് യാക്കോബ് മറിയം അച്ചൻ, തട്ടാച്ചെരിൽ സ്കറിയാ അച്ചൻ എന്നിങ്ങനെ ഒരോ അച്ചന്മാരെ എട്ടും പത്തും പള്ളികളിൽ അവിടുത്തെ സ്ഥാനപതികളായി നിയമിക്കയും അവർ ആ പള്ളികളിൽ ചുറ്റിനടന്ന് സ്കൂൾ നടത്തൽ, കുട്ടികളുടെ വേദോപദേശപഠനം, ജനങ്ങളുടെ നല്ല വ്യാപാരം എന്നി കാര്യങ്ങൾ അന്വേഷിക്കയും അതിനായി മെത്രാപ്പോലീത്താച്ചൻ കല്പിച്ചു നിശ്ചയിച്ച നിയമങ്ങൾ പോലെ അവർ തങ്ങളുടെ അധികാരത്തിൽപ്പെട്ട പള്ളികളിൽ ചുറ്റിനടന്ന് അതുകളെ നടത്തിവരികയും ചെയ്തു".

ബർണർദിൻ മെത്രാപ്പോലീത്തയുടെ പിൻഗാമിയായ ലെയൊനാർദ് മെല്ലാനോ (1868-1897) മെത്രാപ്പോലീത്തയും 1872 തുലാം 17-ന് ഇറക്കിയ 25-ാം നമ്പർ ഇടയ ലേഖനത്തിൽ ബെച്ചിനെല്ലി മെത്രാപ്പോലീത്തയുടെ വിദ്യാഭ്യാസ രംഗത്തെ സംഭാവനയെക്കുറിച്ച് വിശദമായി എഴുതുന്നുണ്ട്: "ഈ ന്യായങ്ങൾ മുഖാന്തിരമായിട്ടത്രെ

നമ്മുടെ വന്ദിക്കപ്പെട്ട കാരണവൻ ഇടവകകളിലൊക്കെയിൽ തന്നെയല്ല എല്ലാ കരകളിലും ഇസ്ക്കൊളകൾ സ്ഥാപനം ചെയ്തു. ഉത്സാഹമൊക്കെയോടും താല്പര്യത്തോടു കൂടെയും ശിക്ഷകളുടെ കീഴിലും പ്രമാണിക്കയും ചെയ്തത്."

ബർണർദിൻ ബെച്ചിനെല്ലി എന്ന കാരണവൻ തുടങ്ങിവച്ച വിദ്യാഭ്യാസ പ്രവർത്തനങ്ങൾ, താൻ എപ്രകാരമാണ് തുടർന്നുകൊണ്ടുപോകാൻ ഉദ്ദ്യേശിക്കുന്നതെന്നും മെല്ലാനോ മെത്രാപ്പോലീത്ത തന്റെ 26-ാം നമ്പർ ഇടയലേഖനത്തിൽ വിശദമാക്കുകയും ചെയ്യുന്നുണ്ട്.

സന്യാസിനീമഠം, ബോർഡിംഗ്, സ്കൂൾ എന്നിവയും ചാവറയച്ചനാണ് സ്ഥാപിച്ചതെന്നുകൂടി പറഞ്ഞുവയ്ക്കുന്ന ഈ ലേഖനത്തിൽ സ്കൂൾ തുടങ്ങിയെന്നു പറഞ്ഞു കാണിച്ചിരിക്കുന്ന മാസവും തീയതിയും പോലും തെറ്റായി നല്കിയത് എന്തു കൊണ്ടാണ്?. മേൽപ്പറഞ്ഞവയുടെ സ്ഥാപന ചരിത്രത്തിന്റെ ഉടമസ്ഥാവകാശവും കൃത്യമായി ആർക്കാണ് നല്കേണ്ടതെന്ന് ചാവറയച്ചന്റെ നാളാഗമവും (ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ വാല്യം 1, പേജ് 124), ടി.ഒ.സി.ഡി. സന്ന്യാസിനീ സഭയുടെ നാളാഗമവും വായിക്കുന്നവർക്ക് വ്യക്തമാണ്. മിഷണറിമാരുടെ നിർദ്ദേശത്തിനൊത്ത് വിധേയത്വത്തോടെ പ്രവർത്തിച്ചിരുന്ന ചാവറയച്ചൻ, മിഷന്റെ പ്രൊക്കുറേറ്ററായ ലെയൊപ്പോൾഡ് ബെക്കാറൊ ഒ.സി.ഡി എന്ന ഇറ്റാലിയൻ മിഷണറിയുടെ അത്മാർത്ഥസുഹൃത്തായിരുന്നതിനാൽ എല്ല പ്രവർത്തനങ്ങളിലും ലെയോപ്പോൾഡ് അച്ചനോടൊപ്പം സഞ്ചരിച്ചിട്ടുണ്ട്. പക്ഷേ ഈ കാരണത്താൽ ഏല്പിച്ച മെത്രാപ്പോലീത്തയെയും ഏല്പിക്കപ്പെട്ട ലെയോപ്പോൾഡച്ചനെയും മാറ്റിനിറുത്തി എല്ലാ ബഹുമതിയും ചാവറയച്ചന്റെമേൽ കെട്ടിവക്കുന്നത് ഉചിതമല്ല. 'പള്ളികൾ തോറും പള്ളികൂടമെന്ന സർക്കുലർ' തുടങ്ങി പലതിന്റെയും കർതൃത്വം ചാവറയച്ചന് ചാർത്തികൊടുക്കാനുള്ള പലരുടേയും സത്യനിഷേധപരമായ പ്രയത്നം അപലപനീയമാണ്.

വാഴ്ത്തപെട്ട ചാവറയച്ചന് സ്തുതി പാടാൻ ബർണർദിൻ മെത്രാപ്പോലീത്തയുടെ ചരിത്രരേഖകൾ വളച്ചൊടിക്കാതിരിക്കുക. ഒരു കാലഘട്ടത്തിലെ വരാപ്പുഴ വികാരിയാത്തിന്റെ ചരിത്രത്തിൽ നിന്നും സുറിയാനി സഭയുടെ മാത്രം ചരിത്രം മുറിച്ചു മാറ്റി വായിക്കുന്നതിലുള്ള പിഴവുകൾ മനസ്സിലാക്കേണ്ടതിന്റെ ആവശ്യകതയും അറിയുക. റോമിൽ നിന്നും മാർപ്പാപ്പ അയച്ച മെത്രാനാണ് എന്നു പറഞ്ഞ് കേരളീയരെ കബളിപ്പിച്ച് ഇവിടെ തങ്ങിയ റോക്കോസിന്റെ വാക്കുകൾ തെറ്റാണെന്ന് 'രേഖാമൂലം' ജനങ്ങൾക്ക് ബോധ്യമായതുപോലെ ബച്ചിനെല്ലി പിതാവിന്റെ സർക്കുലറുകളും, സംഭാവനകളും പ്രവർത്തനങ്ങളും അതിൽ ആരെല്ലാം എപ്രകാരം പങ്കാളികളായി എന്നുമുള്ള വിവരങ്ങൾ, രേഖകളിലൂടെ തന്നെ സാമാന്യജനം തിരിച്ചറിയുന്ന സമയം അതിവിദൂരമല്ല.

ബെച്ചിനെല്ലി പിതാവിന്റെ "പള്ളിക്ക് ഒരു പള്ളിക്കൂടം" എന്ന കല്പന ചാവറയച്ചന്റേതാണെന്ന് വരുത്തിതീർക്കുന്നതിനു വേണ്ടി 25-ാമത് അന്തർ സർവ്വകലാശാല ചാവറ പ്രസംഗ മത്സരം ഇതേ വിഷയത്തെക്കുറിച്ച് 2014 ജനുവരി 10-നും 25-നും ചാവറ കൾച്ചറൽ സെന്ററിന്റെ ആഭിമുഖ്യത്തിൽ നടത്തിയത് തെറ്റായ വിവരങ്ങൾ പുതിയ തലമുറയ്ക്ക് പകർന്നുകൊടുത്തുള്ള വഴി തെറ്റിക്കലായി മാറിയെന്ന് ഖേദപൂർവ്വം കൂട്ടിച്ചേർക്കുന്നു.

ഈവിവരങ്ങൾ അടങ്ങിയ ഒരു കത്ത് കേരള ലാറ്റിൻ കാത്തലിക്ക് ഹിസ്റ്ററി അസ്സോസിയേഷന്റെ ആഭിമുഖ്യത്തിൽ ദീപികയ്ക്ക് കൈമാറിയിരുന്നു. അതിന്റെ കോപ്പി തഴെപ്പറയുന്നവർക്ക് കൂടി അയച്ചിരുന്നു.

1. ഫാദർ തോമസ്സ് പന്തപ്ലാക്കൽ സി.എം.ഐ.
2. ഫാദർ റോബി കണ്ണൻചിറ സി.എം.ഐ., ഡയറക്ടർ ചാവറ കൾച്ചറൽ സെന്റർ.
3. പ്രൊഫ. എം.കെ.സാനു, 'സന്ധ്യ, കാരിക്കാമുറി, കൊച്ചി.

നിർഭാഗ്യവശാൽ അത് പ്രസിദ്ധീകരിക്കാനോ തെറ്റു തിരുത്താനോ ദീപിക തയ്യാറായില്ല

**ചരിത്രം വളച്ചൊടിച്ച് പ്രചരിപ്പിക്കുന്നതിന്റെ മറ്റ് ഉദാഹരണങ്ങൾ**

**1. സി.എം.ഐ സ്ഥാപനം**

സി.എം.ഐ സ്ഥാപനത്തെക്കുറിച്ച് ചാവറയച്ചൻ തന്നെ എഴുതുന്നത്. തോമസ് പൊറുക്കരെ, തോമസ് പാലക്കൽ മല്പാന്മാരും ലത്തീൻ കാരനായ പാസ്കൽ പാതിരിയുമൊരുമിച്ച് തപസ്സുഭവനം തീർക്കുന്ന കാര്യം

മെത്രാനച്ചനെ അറിയിച്ച് അനുവാദം വാങ്ങിച്ചു എന്നാണ്. കണിയാന്തറ ജേക്കബും ഈ സംരംഭത്തോട് ചാവറയച്ചനെക്കാൾ മുൻപ് സഹകരിച്ചിരുന്നുവെന്നും ചാവറയച്ചൻ രേഖപ്പെടുത്തുന്നുണ്ട് (ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ വാല്യം 1, പേജ് 7, കൈയ്യെഴുത്തുപ്രതി പേജ് 29). സി.എം.ഐ സഭയുടെ ആദ്യകാലചരിത്രത്തിൽ രണ്ടുപേരുടെ പേരുകൾ മാത്രമേ ഉള്ളൂ ("Erano a capo dell'impresa i due sacerdoti soriani Tomaso Plachel e Tomaso Porucarè". ACCO, *Acta* Vol. 15, p. 320f. Report of Fr. Jerome Mary of Immaculate Conception, Superior General of OCD on March 1884). ആദ്യ അംഗീകാരം ലഭിക്കുമ്പോൾ ചാവറയച്ചൻ വൈദികപട്ടം പോലും സ്വീകരിച്ചിരുന്നില്ല. പിന്നീടു ചേർന്നവരിൽ ഒരാളായ ചാവറയച്ചൻ മറ്റുള്ളവരെ മറികടന്ന് എങ്ങനെ സ്ഥാപകനായി? (*Antony Valavanthra CMI, An Epic of Dreams, pp. 39-46;* ആന്റണി വളവന്ത്ര സി.എം.ഐ, സി.എം.ഐ സഭാസ്ഥാപകൻ പൊറുക്കരെ തോമ മല്പാൻ). സ്ഥാപനതീയ്യതിയാകട്ടെ 1831. സമൂഹജീവിതക്രമങ്ങൾ ആരംഭിച്ചത് 1840 നോടടുത്തും കാനോനികമായി, ഒരു സഭയായി രൂപപ്പെട്ടത് 1855 ലുമാണെങ്കിൽ 1831 എങ്ങനെ സഭയുടെ സ്ഥാപനവർഷമായിത്തീർന്നു?

**2. ടി.ഒ.സി.ഡി സന്ന്യാസിനീസഭ സ്ഥാപനം**

ചാവറയച്ചൻ ആദ്യമായി ഏലീശ്വയെയും അന്നയെയും കുറിച്ച് കേൾക്കുന്നത് 1865 സെപ്റ്റംബർ/ ഒക്റ്റോബർ മാസത്തിലാണെന്ന് ചാവറയച്ചൻ തന്നെ സ്വന്തം കൈപ്പടയിൽ രേഖപ്പെടുത്തിയിട്ടുണ്ട് (ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ വാല്യം 1, പേജ് 124, കൈയ്യെഴുത്തുപ്രതി പേജ് 73; ടി.ഒ.സി.ഡി. സന്ന്യാസിനീ സഭയുടെ നാളാഗമം, പേജ് 5). ആ സമയം സന്യാസസഭയുടെ സ്ഥാപനത്തിന്റെ പ്രാഥമിക നടപടികളെല്ലാം തന്നെ പൂർത്തിയായിരുന്നു. ചാവറയച്ചൻ ഫാ. ലെയൊപ്പോൾഡിൽ നിന്നും കേട്ടറിഞ്ഞ് മഠം പണിയിൽ സഹായിച്ചുവെന്നത് കൊണ്ട് എങ്ങനെയാണ് സ്ഥാപകനാവുക? മഠം പണിയിൽ സഹായിക്കുന്നവരാണോ സ്ഥാപകരും സഹസ്ഥാപകരും? മദർ ഏലീശ്വ സ്ഥാപികയാണെന്നതിനുള്ള തെളിവുകൾ ധാരാളമായിട്ടുണ്ട് (AGOCD – plut No. 78, റോമിലെ ആർക്കൈവ്സിലുള്ള മെല്ലാനോ മെത്രാപ്പോലീത്ത എഴുതിയ റ്റി.ഒ.സി.ഡി. സഭയുടെ സ്ഥാപനചരിത്രം, ആർച്ച്ബിഷപ്പ് ലെയൊനാർദ് മെല്ലാനൊയുടെ എഴുത്തുകൾ). മദർ ഏലിശ്വ, അന്ന, ത്രേസ്യ എന്നി ലത്തീൻകാരത്തികളാണ് സ്ഥാപികകളെന്നു മരിച്ചുപോയ പ്രിയോർ നാളാഗമത്തിലെഴുതിയെന്നു മെല്ലാനോ പിതാവ് സാക്ഷ്യപ്പെടുത്തുന്നുണ്ടെങ്കിലും ആ ഭാഗം ഒറിജിനൽ കൈയ്യെഴുത്തുപ്രതിയിൽ കറുപ്പിച്ചു വികലമാക്കിയിരിക്കുന്നു (ടി.ഒ.സി.ഡി. സന്ന്യാസിനീ സഭയുടെ നാളാഗമം, പേജ് 3). ചരിത്രം വികലമാക്കാൻ തെളിവു നശിപ്പിക്കുന്നത് ഗൗരവമായ തെറ്റല്ലേ?

'എന്നാൽ നമ്മുടെ കൊവേന്തകളിൽ ലത്തീൻകാർ എന്നവരെയും.....എന്നവരെയും കൈക്കൊള്ളുവാൻ അനുവദിക്കേണ്ട എന്നെനിക്ക് തോന്നുന്നു" (ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ വാല്യം 4, കത്തുകൾ) എന്നു പറയുന്ന ചാവറയച്ചൻ, '3 ലത്തീൻകാരികൾക്ക് വേണ്ടി മഠം പണിതു' എന്നുപറയുന്നതിന്റെ വൈരുദ്ധ്യവും വ്യക്തമാണല്ലോ.

**3. മന്നാനം പ്രസിന്റെ രൂപകല്പന:** ഫെബ്രുവരി പത്താം തീയ്യതിയിലെ ദീപിക പത്രത്തിന്റെ ആദ്യപേജിൽ, ചാവറയച്ചൻ രൂപകല്പനചെയ്ത മരപ്രസ് എന്നുപറഞ്ഞ്, കർദിനാൾ ഓസ് വാൾഡ് ഗ്രേഷ്യസ് മുതലായവരെ കാണിക്കുകയും, ഇതിലാണ് 1897– ൽ നസ്രാണി ദീപികയുടെ ആദ്യപ്രതി അടിച്ചത് എന്നൊക്കെ വിശദീകരിക്കുകയും ചെയ്യുന്ന സി.എം.ഐ ജനറാളച്ചന്റെ ഫോട്ടോ കണ്ടു.

ഇനി മാന്നാനം പ്രസിന്റെ സുവർണ്ണ ജൂബിലി സ്മാരകമായി 1897– ൽ മാന്നാനം പ്രസ് പ്രസിദ്ധീകരിച്ച മാർ യൗസേപ്പ് പുണ്യവാളന്റെ അത്ഭുത ലില്ലിപുഷ്പമഞ്ജരി എന്ന പുസ്തകത്തിലെ വിവരണം കാണുക:

"...അനന്തരം തിരുവനന്തപുരത്ത് സർക്കാർ വക അച്ചുകൂടമുണ്ടെന്നറികയാൽ അവിടേക്ക് പോയി. ആവിടെ ചെന്നിട്ട് **മുട്ടുചിറ പറമ്പിൽ കുര്യാക്കോസ് കത്തനാർ** അച്ചടിവേലക്കാരിൽ കത്തോലിക്കരായ ചിലരുടെ സഹായം വഴിക്ക് എല്ലാ പണികളും യഥേഷ്ടം കണ്ടുഗ്രഹിപ്പാൻ സാധിച്ചു. മേല്പറഞ്ഞ **കുരിയാക്കോസ് കത്തനാർ ശില്പവേലകളിലും കൗശലപ്പണികളിലും കുറെവാസനയും സാമർഥ്യവുമുള്ള ഒരുവനായിരുന്നു.** അദ്ദേഹം ഇവിടെനിന്നു തിരിച്ചുവന്ന ഉടനെ സ്വയമായി വാഴപ്പിണ്ടിയോ മറ്റോ മുറിച്ച് ഒരു പ്രസിന്റെ മാതൃകയുണ്ടാക്കുകയും അതിനൊപ്പിച്ച് നല്ല പണിക്കാരനായ ആശാരിയെക്കൊണ്ട് ഒരു മരപ്രസ് പണിയിക്കുകയും അതിന്റെ അടിത്തട്ടു കരിങ്കല്ലുകൊണ്ട് പണിതുചേർത്ത് ക്രമപ്പെടുത്തുകയുമാണ് ചെയ്തത്". **പറമ്പിൽ കുരിയാക്കോസ് കത്തനാർ ചെയ്ത കാര്യം പിന്നീട് കുരിയാക്കോസ് ചാവറയായതെങ്ങനെ?** പ്രസ്സിന് സർക്കാർ അംഗീകാരം വാങ്ങി നൽകിയത് വികാരി അപ്പസ്തോലിക്കയായ

ലുദോവിക്കോ മെത്രാപ്പോലീത്തയാണെന്ന കാര്യവും ശ്രദ്ധേയമാണ്.

**4. 40 മണിക്കൂർ ആരാധന**

40 മണിക്കൂർ ആരാധന തുടങ്ങണമെന്ന് പെ.ബ. മെത്രാപ്പൊലീത്ത കല്പിച്ചു. (ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ വാല്യം 1, പേജ് 126). പ്രൊക്കുറേറ്ററായ ലെയോപ്പൊൾഡച്ചന് ഇതിന്റെ വെടിപ്പും അലങ്കാരവുമൊക്കെയായി വളരെയധികംജോലിയുണ്ടായിന്നുവെന്നുമൊക്കെ ചാവറയച്ചൻതന്നെ രേഖപ്പെടുത്തിയിട്ടുള്ളതാണ്. (റ്റി.ഒ.സി.ഡി നാളാഗമം, വാല്യം 1, പേജ് 7). ചാവറയച്ചൻ കേരളത്തിലാദ്യമായി 40 മണിക്കൂർ ആരാധന തുടങ്ങിയെന്ന് എഴുതി പ്രചരിപ്പിക്കുന്നവർ അറിയട്ടെ, സത്യം എന്നേക്കുമായി മറച്ചുവയ്ക്കുക സാധ്യമല്ല എന്ന്.

**5. പിടിയരി**

പിടിയരി സമ്പ്രദായത്തെക്കുറിച്ച് ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികളിൽതന്നെ പറയുന്നത് (പേജ് 129) മെത്രാപ്പോലീത്ത അതിനു ക്രമമുണ്ടാക്കി അടിപ്പിച്ച് പള്ളികളിൽ ഒക്കെയും കൊടുത്തയപ്പിച്ചു, എന്നാണ്. പിടിയരിയുടെ ശേഖരണവും അതിന്റെ ക്രമവും കണക്കുകളുമൊക്കെ ബെർണർദീൻ മെത്രാപ്പോലീത്തയുടെ പാസ്റ്ററൽ ലെറ്ററുകളിൽ കണാവുന്നതാണ്. ലത്തീൻ പള്ളികളിൽ നിന്നും സുറിയാനിപള്ളീകളിൽനിന്നും പിരിച്ച തുകയുടെ വെവ്വേറെ കണക്കുകളും അതുപയോഗിച്ച് പണിതീർത്ത സ്ഥാപനങ്ങളുടെ ലിസ്റ്റുമൊക്കെ പിതാവ് വളരെ കൃത്യമായി പ്രസിദ്ധീകരിച്ചിട്ടുണ്ട്. (വരാപ്പുഴ ആർക്കൈവ്സ്, 1868 ഫെബ്രുവരി 6 ന് ഇറക്കിയ ഇടയലേഖനം). ചാവറയച്ചൻ ചെയ്ത കാര്യങ്ങളുടെ ലിസ്റ്റ് വർദ്ധിപ്പിക്കുവാൻ മറ്റുള്ളവർ ചെയ്ത കാര്യങ്ങൾ ചാവറയച്ചന്റെമേൽ ആരോപിക്കാതിരിക്കുക.

ക്രാന്തദർശിയായിരുന്ന ബെർണർദീൻ പിതാവിന്റെ സംഭാവനകൾ കേരളസഭയ്ക്കും ഇവിടത്തെ പൊതുസമൂഹത്തിനും ഒരിക്കലും മറക്കാനാവില്ല. 'കൽദായ സുറിയാനി റീത്തിൽ ചേർന്ന കർമ്മലീത്താ നിഷ്പാദുക മൂന്നാം സഭയുടെ ചരിത്രം 'എന്ന പുസ്തകത്തിൽ ബർണ്ണദ്ദോസ് തോമാ, ബെർണർദീൻ ബച്ചിനെല്ലി പിതാവിന്റെ സവിശേഷമായ സംഭാവനകൾ വിവരിക്കുന്നുണ്ട്: "പ്രധാനമായി സന്യാസാശ്രമങ്ങൾ, കന്യകാമഠം, സെമിനാരികൾ എന്നിതുകൾ സ്ഥാപിച്ച് സന്യാസികൾക്കും കന്യാസ്ത്രീകൾക്കും തക്ക ക്രമചട്ടങ്ങൾ കല്പിച്ചുകൊടുത്ത് അവരെ ദൈവഊഴിയ ത്തിൽ സ്ഥിരപ്പെടുത്തിയതും നല്ലപട്ടക്കാരുണ്ടാകാൻ തക്കതായി സെമിനാരികൾ സ്ഥാപിച്ച് അവരെ ഭക്തിയിലും സുകൃതജീവിതത്തിലും വളർത്തുന്നതിന് വേണ്ട ഏർപ്പാടുകൾ ചെയ്തു. പൈതങ്ങളുടെ വേദോപദേശപഠനത്തിന് സ്കൂളുകൾ എല്ലാ ഇടവകകളിലും കരകളിലും സ്ഥാപിക്കുന്നതിനും അതുകളിൽ വേദോപദേശം ശരിയായി നടത്തു ന്നതിനുംവേണ്ടനടപടികൾ ഏർപ്പെടുത്തുകയും ചെയ്തു (ബെർണ്ണർദോസ് തോമ, ക.നി.മൂ.സ. ചരിത്രം, പേജ് 245 –246). 1868 മെയ് മാസത്തിൽ ദൈവമാതാവിന്റെ വണക്കമാസം ഭക്തിപുരസ്സരം പള്ളികളിലും കുരിശുപള്ളികളിലും സ്കൂളുകളിലും കഴിക്കണമെന്നു ബെർണ്ണർദ്ദീൻ മെത്രാപ്പോലീത്ത കല്പിച്ചു. (ബെർണ്ണർദോസ് തോമ, ക. നി.മൂ. സ. ചരിത്രം, പേജ് 297).

മേല്പറഞ്ഞ കാര്യങ്ങളൊക്കെയാണ് ചാവറയച്ചന്റെ സംഭാവനകളായി പിൻഗാമികൾ പ്രചരിപ്പിക്കുന്നത്. വാഴ്ത്തപ്പെട്ട ചാവറയച്ചൻ തന്റെ സമ്പൂർണ്ണകൃതികളുടെ ഒന്നാം വാല്യത്തിൽ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു. "ഇതായത് ഈ മല യാളത്തിൽ അല്പനന്മയുാകുവാൻ തക്കവണ്ണം നമ്മുടെ പെരിയ ബഹുമാനപ്പെട്ട വല്യശ്രേഷ്ടനായ ബെർണ്ണദീനൊസ് മെത്രാപ്പോലീത്താച്ചന്റെ ഉത്സാഹത്താൽ പള്ളികളിൽ നല്ല മര്യാദകളും നടത്തി കൊവേന്തകളും ഉാക്കി ധ്യാനം, വിസീത്ത മുതലായതും തുടങ്ങി, കന്യാസ്ത്രീമഠത്തിനും ആരംഭിച്ച പുസ്തകങ്ങളും അടിപ്പിച്ച്, വണക്കമാസം, നൊവേ ന, വിയാസാക്ര യിങ്ങനെയുള്ള പുണ്യങ്ങളും തുടങ്ങി..." (ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ, വാല്യം1 പേജ് 90).

കേരളത്തിൽ ആദ്യമായി 40 മണിക്കൂർ ആരാധന തുടങ്ങിയതും കൊവേന്തകൾക്കും സ്കൂളുകൾക്കും മറ്റു സ്ഥാപന ങ്ങൾക്കും ധനം സമാഹരിക്കുവാൻ 'ഉണ്ണിമിശിഹായുടെ ധർമ്മസഭ' എന്ന പേരിൽ പിടിയരി സമ്പ്രദായം തുടങ്ങിയതും ബെർണർദീൻ പിതാവാണെന്ന് വാഴ്ത്തപ്പെട്ട ചാവറയച്ചൻ സാക്ഷ്യപ്പെടുത്തുന്നു. (ചാവറയച്ചന്റെ സമ്പൂർണ്ണ കൃതി കൾ, വാല്യം1, പേജ് 128,129).

വി. ഫിലോമിനയുടെ പ്രഥമദേവാലയം' എന്ന പുസ്തകത്തിൽ ലിയോനാർഡ് റ്റി.ഒ.സി.ഡി. ബെർണർദീൻ പിതാ വിനെക്കുറിച്ച് ഇപ്രകാരം പ്രസ്താവിക്കുന്നു. "തീക്ഷണനും അക്ഷീണ പരിശ്രമിയുമായ ഒരു മിഷനറി, അനേകം സൽപ്ര സ്ഥാനങ്ങളുടെയും മഹനീയ സ്ഥാപനങ്ങളുടെയും ജനയിതാവ്, കൊല്ലം വരാപ്പുഴ രൂപതകളുടെ വൈദികാദ്ധ്യക്ഷൻ, എന്നീ നിലകളിൽ പ്രശസ്തനായ ഈ മഹാത്മാവിന്റെ നാമം കേരളം എക്കാലവും സ്മരിക്കും. (പേജ് 14) കഴിവുള്ള ദിക്കുകളിലെല്ലാം ദേവാലയങ്ങൾ സ്ഥാപിക്കുക, ജനങ്ങളുടെ ആദ്ധ്യാത്മിക ബോധത്തെ സുസ്ഥിരമാക്കാൻ പൊതുവായ ധ്യാനം നടത്തുന്ന സമ്പ്രദായം, അക്രൈസ്തവമായ പല ആചാരങ്ങളെയും അന്ധവിശ്വാസങ്ങളെയും വിപാടനംചെയ്യു ക, വേദാദ്ധ്യായനം സർവ്വത്ര നടപ്പിലാക്കുക, വേദോപദേശ പാഠശാലകൾ സ്ഥാപിക്കുകയും വേദോപദേശ ഗ്രന്ഥങ്ങൾ ഉാക്കുകയും ചെയ്യുക, വൈദികർക്ക് 10 ദിവസത്തെ ഏകാന്ത ധ്യാനം നടപ്പിലാക്കുക തുടങ്ങി അതിരൂപതയെ ആദ്ധ്യാ ത്മിക-സാംസ്കാരിക-സാമൂഹ്യ നവോത്ഥാനത്തിലേയ്ക്ക് നയിക്കുവാൻ ബെർണർദീൻ പിതാവ് സവിശേഷമായ ശ്രദ്ധ പതിപ്പിച്ചിട്ടു്". കൂനമ്മാവിൽ അദ്ദേഹമാണ് ഒരു കൊച്ചുദേവാലയത്തിന് അടിസ്ഥാനശില പാകുകയും കെട്ടിപ്പ ടുക്കുകയും ചെയ്തത് (പേജ് 15).മഹാമിഷണറിയായ ബെർണർദ്ദിൻ ബച്ചിനെല്ലി മെത്രാപ്പോലീത്തയുടെ മഹത്തായ ഈ സംഭാവനകളാണ് പിൽക്കാലത്ത് ചാവറയച്ചന്റെ മഹത്വം വർദ്ധിപ്പിക്കുവാൻ സി.എം.ഐ, സി എം.സി സഭകൾ ഉപയോഗപ്പെടുത്തിയതെന്നത്, തന്റെ ജന്മനാടായ റോമാ നഗരം വിട്ടു കേരളമണ്ണിൽ വന്ന്, ജീവിതം മുഴുവൻ ഈ മണ്ണിലെ മക്കളുടെ ആത്മീയ, ഭൗതിക വളർച്ചയ്ക്കായി അർപ്പിച്ച് ഈ മണ്ണിൽ അലിഞ്ഞുചേർന്ന മഹത് വ്യക്തിത്വത്തോട് ചെയ്യുന്ന വലിയ അനീതിയാണെന്ന് ഞങ്ങൾ ഉറക്കെ പ്രഖ്യാപിക്കുന്നു.

ഒരാളുടെ പുണ്യജീവിതമാണു വിശുദ്ധിയുടെ മാനദണ്ഡം. അല്ലാതെ അവർ ചെയ്തെന്നു പറയപ്പെടുന്ന പ്രവർത്തനങ്ങൾ അല്ല. എങ്കിൽ രാഷ്ട്രീയക്കാരൊക്കെ വിശുദ്ധരാകേണ്ടതല്ലേ? ഇനിയെങ്കിലും സത്യമല്ലാത്ത തൊങ്ങലുകൾ വച്ച് പിടിപ്പിച്ച് ചരിത്രം വികലമാക്കാതിരിക്കാൻ, തലമുറകളെ വഞ്ചിക്കാതിരിക്കാൻ തയ്യാറാകണ മെന്നും അതിനുവേണ്ട നിർദ്ദേശങ്ങൾ സി.എം.ഐ., സി.എം.സി. സഭയിലെ അധികാരികൾക്ക് നല്കണ മെന്നും ഞങ്ങൾ വിനയപുരസ്സരം അഭ്യർത്ഥിക്കുന്നു.

(ഇതിന്റെ കോപ്പി കേരളത്തിലെ എല്ലാ അഭിവന്ദ്യ മെത്രാന്മാർക്കും സി.എം.സി, സി.എം.ഐ സഭയിലെ അധികാരികൾക്കും അയച്ചുകൊടുക്കുന്നതാണ്.